'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി - എറണാകുളം ജില്ലാ കോ - ഓപ്പറേറ്റീവ് ബാങ്കിൽ നിന്നെടുത്തിട്ടുള്ള ബ്രിഡ്ജ് ലോണിന്റെ മൂന്നാം ഗഡുവായി നൽകാനുള്ള തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ.(കൈ) നം.32/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/02/2020

---

പരാമർശം:- 1 സ.ഉ(സാധാ)നം.688/2019/ത.സ്വ.ഭ.വ തീയതി, 22.03.2019

2 സ.ഉ(എം.എസ്)നം.71/2019/ത.സ്വ.ഭ.വ തീയതി, 22.06.2019

3. സ.ഉ(കൈ)നം. 123/2019/ത.സ്വ.ഭ.വ തീയതി, 03.10.2019.

4 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.12.2019 തീയതിയിലെ എൽ.എഫ്/18/ഫിൻ/2019 നമ്പർ കത്ത്.

5 കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 28.11.2019 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി/എ2/713/2019 (11) നമ്പർ കത്ത്.

6 സർക്കാർ ഉത്തരവ് (സാധാ)നം.421/2020 തീയതി, 16.01.2020.

7 സർക്കാർ ഉത്തരവ് (സാധാ)നം.422/2020 തീയതി, 16.01.2020.

### ഉത്തരവ്

ലൈഫ് മിഷൻ രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം നൽകുന്നതിനായി എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് കെ.യു.ആർ.ഡി.എഫ്.സി വഴി പരാമർശം (1) പ്രകാരം 425 കോടി രൂപ 27.03.2019 ൽ ബ്രിഡ്ജ് ലോൺ ആയി എടുക്കുകയുണ്ടായി. പ്രസ്തുത ലോണിന്റെ ഒന്നും രണ്ടും വായ്പാ ( പലിശയുൾപ്പെടെ)ഗഡുക്കൾ യഥാക്രമം പരാമർശം (2),(3) എന്നീ ഉത്തരവുകൾ പ്രകാരം ബന്ധപ്പെട്ട ശീർഷകത്തിൽ അനുവദിച്ച

നൽകുകയുണ്ടായി.

2. ഇപ്രകാരം ലഭ്യമാക്കിയ 425 കോടി രൂപയുടെ വായ്പ മുതലും പലിശയും ലൈഫ് മിഷന്റെ ഗ്രാമവികസനത്തിൻ കീഴിലെ 4515 - 00 - 102 - 49 എന്ന ശീർഷകത്തിൽ 2019 - 20 ൽ വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്നാണ് ബാങ്കിൽ തിരിച്ചടവ് വരുത്തുന്നത് എന്നും എറണാകുളം ജില്ലാ ബാങ്കിന് നൽകേണ്ട അടുത്ത ഗഡു തുകയായ 105,56,17,873 (നൂറ്റി അഞ്ച് കോടി അമ്പത്തിയാറ് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി ഏഴുപത്തി മൂന്ന് രൂപ) രൂപ മുഴുവനായും മേൽ ശീർഷകത്തിൽ ലഭ്യമല്ലെന്നും ആയതിനാൽ ലൈഫ് മിഷന്റെ രണ്ടും മൂന്നും ഘട്ട പദ്ധതിക്കായി നഗര വികസനത്തിൻ കീഴിൽ 4217 - 60 - 051 - 95 എന്ന ശീർഷകത്തിൻ കീഴിൽ നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 175 കോടി രൂപയിൽ നിന്ന് എറണാകുളം ജില്ലാ കോപ്പറേറ്റീവ് ബാങ്കിന് അടുത്ത ഗഡുവായി നൽ കാനുള്ള 105,56,17,873 (നൂറ്റി അഞ്ച് കോടി അമ്പത്തിയാറ് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി ഏഴുപത്തി മൂന്ന് രൂപ) രൂപ റിലീസ് ചെയ്തു കൊണ്ട് ഉത്തരവാകണമെന്ന് പരാമർശം (4) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി. കെ.യു.ആർ.ഡി.എഫ്.സി യുടെ 67113187948 (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ) എന്ന അക്കൗണ്ടിലേക്ക് (IFSC code : SBIN0070033) ടി തുക മാറ്റി നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം ( 5 ) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (6),(7) എന്നിവ പ്രകാരം 4515 - 00 - 102 - 49 - Total Housing Scheme - Rural (LIFE Parppida Mission)എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി 68175000/-(ആറ് കോടി എൺപത്തിയൊന്ന് ലക്ഷത്തി എഴുപത്തയ്യായിരം)രൂപ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിനായി എറണാകുളം ജില്ലാ കോപ്പറേറ്റീവ് ബാങ്കിൽ നിന്നെടുത്ത ബ്രിഡ്ജ് ലോണിന്റെ മൂന്നാം ഗഡു (മുതലും പലിശയുമായി) നൽകാനുള്ള 105,56,17,873/- (നൂറ്റി അഞ്ച് കോടി അമ്പത്തിയാറ് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി ഏഴുപത്തി മൂന്ന് രൂപ) രൂപ 4515 - 00 - 102 - 49 (P) എന്ന ശീർഷകത്തിൽ നിന്ന് റിലീസ് ചെയ്ത് കെ.യു.ആർ.ഡി.എഫ്.സി യുടെ 67113187948 (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ) എന്ന അക്കൗണ്ടിലേക്ക് (IFSC code :

SBIN0070033) ടി തുക മാറ്റി നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

മാനേജിംഗ് ഡയറക്ടർ,കെ.യു.ആർ.ഡി.എഫ്.സി

ജില്ലാ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, എറണാകുളം ജില്ലാ സഹകരണ ബാങ്ക്,

കാക്കനാട്, കൊച്ചി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (DEV - 2/57/2019/Fin Part I dated: 18.01.2019 പ്രകാരം)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ